# ഹാത്വിമുൽ അസമ്മിന്റെ ചോദ്യങ്ങൾ

ജഅ്ഫർ എളമ്പിലാക്കോട്

**ഇമാം** അഹ്മദുബ്നു ഹമ്പലിന്റെ സമകാലികനാണ് പ്രമുഖ പണ്ഡിതനും സ്വൂഫിവര്യനുമായ ഹാത്വിമുൽ അസമ്മ്. പ്രവാചക മാതൃക കണിശമായി പിന്തുടരുകയും ലളിത ജീവിതം ഇഷ്ടപ്പെടുകയും ചെയ്ത സാത്വികൻ. ഭൗതികാസക്തി മറ്റേതൊരു സമൂഹത്തെയുമെന്ന പോലെ മുസ്‌ലിംകളെയും കീഴടക്കിക്കളയുന്നതിൽ അദ്ദേഹം ഖിന്നനായിരുന്നു. സാധാരണക്കാരെ മാത്രമല്ല, പണ്ഡിതന്മാരെയും ഭൗതികഭ്രമം വഴിതെറ്റിച്ചുതുടങ്ങിയപ്പോൾ മൂർച്ചയേറിയ വാക്ശരങ്ങളുമായി ഹാത്വിം രംഗത്തെത്തി.

ഒരിക്കൽ ഖുറാസാനിലെ റയ്യ് പട്ടണം സന്ദർശിക്കാനിടയായി ഹാത്വിം. ആ നാട്ടിലെ പണ്ഡിതൻ രോഗശയ്യയിലാണെന്നറിഞ്ഞ് രോഗസന്ദർശനത്തിന് ചെന്നു അദ്ദേഹം. ചെന്നു നോക്കുമ്പോൾ പണ്ഡിതൻ താമസിക്കുന്നത് ഒരു വലിയ മണിമാളികയിൽ. വിശാലവും പുതുമയാർന്നതും കുറ്റമറ്റതുമായിരുന്നു ആ ഭവനം. വസ്ത്രങ്ങളും വിരികളുമെല്ലാമുണ്ട്! അകത്ത് മാർദവമേറിയ ഒരു കട്ടിലിൽ പണ്ഡിതൻ കിടക്കുന്നു. ശിരോഭാഗത്ത് വെൺചാമരവുമായി സേവകൻ! ഹാത്വിം ചിന്താനിമഗ്നനായി. ദൈവമേ, ഒരു പണ്ഡിതന്റെ ഭവനം ഇങ്ങനെയോ?

ആതിഥേയൻ ഹാത്വിമിനോട് ഇരിക്കാൻ പറഞ്ഞു.

ഹാത്വിം: ഇല്ല, ഞാൻ ഇരിക്കുന്നില്ല.

പണ്ഡിതൻ: വല്ല ആവശ്യവുമുണ്ടായിരിക്കും?

ഹാത്വിം: അതെ, ഒരു കാര്യം ചോദിക്കണമെന്നുണ്ട്.

പണ്ഡിതൻ: ചോദിച്ചുകൊള്ളൂ. എന്താണ് താങ്കൾക്കറിയേണ്ടത്?

ഹാത്വിം: ആരിൽനിന്നാണ് താങ്കൾ അറിവ് നേടിയത്?

പണ്ഡിതൻ: പ്രഗത്ഭരായ താബിഉകളിൽനിന്ന്.

ഹാത്വിം: താബിഉകൾ ആരിൽനിന്നാണ് പഠിച്ചത്?

പണ്ഡിതൻ: മഹാന്മാരായ സ്വഹാബികളിൽനിന്ന്.

ഹാത്വിം: അവരോ?

പണ്ഡിതൻ: പ്രവാചകനിൽനിന്ന്.

ഹാത്വിം: പ്രവാചകൻ ആരിൽനിന്നാണ് പഠിച്ചത്?

പണ്ഡിതൻ: അല്ലാഹുവിങ്കൽനിന്ന്, ജിബ്‌രീൽ മുഖാന്തിരം.

ഹാത്വിം: ശരി, എനിക്ക് ചോദിക്കാനുള്ള കാര്യമിതാണ്: അല്ലാഹു ജിബ്‌രീൽ മുഖേന പ്രവാചകനെ പഠിപ്പിക്കുകയും അവിടുന്ന് തന്റെ അനുചരന്മാർക്കും അവർ സത്യസന്ധരായ പിൻതലമുറക്കാർക്കും പകർന്നുനൽകുകയും ചെയ്ത വിജ്ഞാനത്തിൽ, എവിടെയാണ് വിശാലമായ ആഡംബര ഭവനങ്ങൾ പണിയുന്നവർക്ക് അല്ലാഹുവിങ്കൽ ശ്രേഷ്ഠ പദവിയുണ്ടെന്ന് താങ്കൾ കേട്ടിട്ടുള്ളത്?

പണ്ഡിതൻ: ഇല്ല, എവിടെയും കേട്ടിട്ടില്ല.

ഹാത്വിം: പിന്നെ, എന്താണ് താങ്കൾ കേട്ടിട്ടുള്ളത്?

പണ്ഡിതൻ: പാരത്രികലോകം കാംക്ഷിക്കുകയും പാവങ്ങളെ സ്നേഹിക്കുകയും സദ്കർമങ്ങളനുഷ്ഠിക്കുകകയും ചെയ്യുന്നവർക്ക് അല്ലാഹുവിങ്കൽ ഉന്നതമായ പദവിയുണ്ടെന്ന്.

അത്രയും പറഞ്ഞപ്പോഴേക്കും ഹാത്വിം വികാരാധീനനായി. പണ്ഡിതനെ തുറിച്ചു നോക്കിക്കൊണ്ട് അദ്ദേഹം തുടർന്നു:

'എങ്കിൽ പറയൂ, ആരെയാണ് താങ്കൾ പിൻപറ്റിക്കൊണ്ടിരിക്കുന്നത്? പ്രവാചകനെയും അവിടുത്തെ അനുചരന്മാരെയും സത്യസന്ധരായ താബിഉകളെയുമാണോ? അതോ കുമ്മായത്തിലും ഇഷ്ടികയിലും വൻ സൗധങ്ങൾ പണികഴിപ്പിച്ച ഫറോവയെയും നംറൂദിനെയുമാണോ?'

പണ്ഡിതൻ എന്തു പറയണമെന്നറിയാതെ മിഴിച്ചുനിന്നു. ഹാത്വിം തുടർന്നു: 'പണ്ഡിതന്മാരേ, നിങ്ങളറിയുന്നുണ്ടോ, ഐഹികജീവിതം കാംക്ഷിക്കുകയും അതിൽ ചാടിവീഴുകയും ചെയ്യുന്ന അവിവേകികളായ സാധാരണക്കാർ നിങ്ങളെ നോക്കിക്കൊണ്ടിരിക്കുന്നുണ്ട്. എന്നിട്ട് തങ്ങളുടെ ദുഷ്ചെയ്തികൾക്ക് അവർ നിങ്ങളുടെ ജീവിതത്തിൽനിന്ന്



തെളിവ് പിടിക്കുന്നു. അവർ പറയുന്നു: കണ്ടില്ലേ പണ്ഡിതന്മാരുടെ സ്ഥിതി? ഇക്കൂട്ടർക്ക് ഇപ്രകാരമെല്ലാം ചെയ്യാമെങ്കിൽ ഞങ്ങൾക്ക് എന്തുകൊണ്ട് അതിനപ്പുറം ആയിക്കൂടാ?'

ഇതും പറഞ്ഞ് ഹാത്വിം ഇറങ്ങി നടന്നു.

* * * * * *

കാസ്പിയൻ ദേശത്തെ പണ്ഡിതനായ ഥനാഫസിയെ കുറിച്ച് ഹാത്വിം കേൾക്കാനിടയായി. പേരുകേട്ട പണ്ഡിതനും സമ്പന്നനുമായിരുന്നു അദ്ദേഹം. ഹാത്വിം അദ്ദേഹത്തെ കാണാൻ ചെന്നു. അദ്ദേഹവും ആഡംബര ജീവിതം നയിക്കുന്നത് ഹാത്വിമിനെ അത്ഭുതപ്പെടുത്തി.

ഹാത്വിം: അല്ലാഹു താങ്കളെ അനുഗ്രഹിക്കട്ടെ. ഞാൻ ഒരു വിദേശിയാണ്. താങ്കളിൽനിന്ന് വിദ്യയഭ്യസിക്കണം എന്ന മോഹത്തോടെയാണ് വന്നത്. മതത്തിന്റെ പ്രാഥമിക കാര്യങ്ങളും മറ്റും താങ്കളിൽനിന്ന് പഠിച്ചാൽ കൊള്ളാമെന്നുണ്ട്.

പണ്ഡിതൻ: ശരി, പറഞ്ഞോളൂ, എന്താണ് താങ്കൾക്ക് പഠിക്കേണ്ടത്?

ഹാത്വിം: നമസ്കാരത്തിന് അംഗശുദ്ധിവരുത്തുന്നതിന്റെ ശരിയായ രൂപമെങ്ങനെ എന്നറിയാൻ താൽപര്യമുണ്ട്.

ഭൃത്യൻ കൊണ്ടുവന്ന ഒരു ബക്കറ്റ് വെള്ളത്തിൽ പണ്ഡിതൻ മുമ്മൂന്ന് പ്രാവശ്യം ശരീരാവയവങ്ങൾ ശുദ്ധിവരുത്തി കാണിച്ചുകൊടുത്തു. 'ഇപ്രകാരമാണ് അംഗശുദ്ധി വരുത്തുക'.

ഹാത്വിം വുദൂവെടുക്കാൻ തുടങ്ങി. ഓരോ അവയവവും മുറപ്രകാരം മുമ്മൂന്ന് പ്രാവശ്യം കഴുകി. ഒടുവിൽ കാൽ കഴുകിയപ്പോൾ മൂന്നിന് പകരം നാലു പ്രാവശ്യം കഴുകി! ഉടൻ പണ്ഡിതൻ തിരുത്തി: 'താങ്കൾ ദുർവ്യയം കാണിക്കുന്നു. വുദൂവിന്റെ അവയവങ്ങൾ നാല് പ്രാവശ്യം കഴുകാൻ പാടില്ല. അത് ധൂർത്താണ്'.

ഹാത്വിം എഴുന്നേറ്റ് പണ്ഡിതന്റെ മുഖത്ത് രൂക്ഷമായി നോക്കി. 'സുബ്ഹാനല്ലാഹ്! പാവപ്പെട്ട ഞാൻ ഒരു കൈകുമ്പിൾ വെള്ളത്തിൽ ധൂർത്ത് കാണിച്ചതായി താങ്കൾ അധിക്ഷേപിക്കുന്നു. എന്നാൽ താങ്കളുടെ ഈ കൊട്ടാരത്തിന്റെയും കെട്ടിടത്തിന്റെയും കാര്യത്തിൽ ഒരു ധൂർത്തും താങ്കൾ കാണുന്നില്ല! ആശ്ചര്യകരം തന്നെ!'

* * * * * *

മദീനാ പട്ടണത്തിലെത്തിയിരിക്കുകയാണ് ഹാത്വിം. അവിടെ ജനജീവിതത്തിൽ സംഭവിച്ച വലിയ മാറ്റങ്ങൾ അദ്ദേഹത്തെ ആശ്ചര്യഭരിതനാക്കി. എങ്ങും വലിയ വലിയ വീടുകൾ കെട്ടിപ്പൊക്കിയിരിക്കുന്നു. ഭൗതികാസക്തിയിൽ ആണ്ടിറങ്ങിയിരിക്കുന്നു ജനം. ജനത്തോട് ചോദിച്ചു: 'ഇത് ആരുടെ പട്ടണമാണ്?'

അവർ പറഞ്ഞു: പ്രവാചകന്റെ നഗരമാണ്.

ഹാത്വിം: എങ്കിൽ എനിക്ക് പ്രവാചകന്റെ കൊട്ടാരം കാണിച്ചുതരൂ! അവിടെ ചെന്ന് രണ്ട് റക്അത്ത് നമസ്കരിക്കാൻ എനിക്ക് താൽപര്യമുണ്ട്.

അവർ പറഞ്ഞു: കൊട്ടാരമോ! പ്രവാചകന് കൊട്ടാരമൊന്നുമുണ്ടായിരുന്നില്ല. മണ്ണിനോട് ചേർന്ന കൊച്ചു പുരയിടമായിരുന്നു അദ്ദേഹത്തിന്റേത്.

ഹാത്വിം: എങ്കിൽ വേണ്ട, എനിക്ക് സ്വഹാബികളുടെ കൊട്ടാരങ്ങൾ കാണിച്ചുതന്നാൽ മതി. അവിടെ വെച്ചും നമസ്കരിക്കാമല്ലോ.

ജനങ്ങൾ: സ്വഹാബികൾക്കും കൊട്ടാരങ്ങളൊന്നുമുണ്ടായിരുന്നില്ല. പ്രവാചകന്റെ വീടു പോലെയായിരുന്നു അവരുടെ വീടുകളും.

ഹാത്വിമിന്റെ മുഖം കറുത്തു. രോഷാകുലനായി അദ്ദേഹം ചോദിച്ചു: 'എങ്കിൽ പിന്നെ, ഈ പട്ടണം ആരുടേതാണ്? നിങ്ങൾ പറയുന്നു ഇത് പ്രവാചകന്റെ നഗരിയാണെന്ന്. അല്ലാഹുവാണ! ഇത് പ്രവാചകന്റെ നഗരമല്ല! ഫറോവയുടെയും നംറൂദിന്റെയും നഗരമാണ്'.

രാജകിങ്കരന്മാർ ഹാത്വിമിനെ പിടികൂടി രാജാവിന്റെ മുന്നിലെത്തിച്ചു. അവർ പറഞ്ഞു: 'ഇയാൾ ഈ പട്ടണം ഫിർഔന്റേതാണെന്ന് പറഞ്ഞുനടക്കുന്നു.'

രാജാവ്: താങ്കൾ അങ്ങനെ പറയാൻ കാരണമെന്താണ്?

ഹാത്വിം: രാജാവേ, ഞാൻ ഇന്നാട്ടുകാരനല്ല. ഇവിടെ വന്നപ്പോൾ ധാരാളം കൊട്ടാരങ്ങൾ കണ്ടു. അപ്പോൾ ഇത് പ്രവാചകന്റെ നഗരമാണല്ലോ എന്ന് ഞാൻ ഓർത്തു. എങ്കിൽ പ്രവാചകന്റെ കൊട്ടാരത്തിൽ രണ്ട് റക്അത്ത് നമസ്കരിക്കാൻ ഞാൻ ആഗ്രഹിച്ചു. അപ്പോൾ ഇവർ പറയുന്നു, പ്രവാചകന് കൊട്ടാരമോ ബംഗ്ലാവോ ഉണ്ടായിരുന്നില്ലെന്ന്. മണ്ണ് തേച്ച് ഈത്തപ്പനയോലകൾ കൊണ്ടുണ്ടാക്കിയ, ചെറിയ വീടുകളിലായിരുന്നു അദ്ദേഹവും അനുചരന്മാരും താമസിച്ചിരുന്നതെന്ന്. ഞാൻ ചോദിച്ചു, എങ്കിൽ ഇക്കാണുന്ന കൊട്ടാരങ്ങളും കെട്ടിടങ്ങളും ആരുടേതാണ്? പ്രവാചകനിലും അനുചരന്മാരിലും ഉത്തമമായ മാതൃകയുണ്ടെന്നല്ലേ അല്ലാഹു നമ്മോട് പറഞ്ഞിട്ടുള്ളത്. അവരുടെ വീടുകൾ നിങ്ങളുടെ ഈ വീടുകൾ പോലെയായിരുന്നില്ല. ഇവക്ക് സാമ്യം ഫിർഔന്റെയും നംറൂദിന്റെയും കൊട്ടാരങ്ങളോടാണ്. ഇനി പറയൂ, നിങ്ങൾ ആരെയാണ് പിൻപറ്റുന്നത്? ഫറോവയെയും നംറൂദിനെയുമാണോ, അതോ പ്രവാചകനെയും അനുചരന്മാരെയുമാണോ?

ഹാത്വിമിന്റെ ചോദ്യങ്ങൾക്ക് രാജാവിനോ ജനത്തിനോ ഉത്തരമില്ലായിരുന്നു. അവർ അദ്ദേഹത്ത വെറുതെവിട്ടു. ■